യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ :0487-2370302 ഇമെയിൽ :ulfmty@kvasu.ac.in

നം. യു.എൽ.എഫ്/എം.ടി.വൈ/ജി/1019/2024 മണ്ണുത്തി, തീയതി : 02.07.2026

## ലേല നോട്ടീസ്

**വിഷയം : യു.എൽ.എഫ്. & എഫ്.ആർ.ഡി.എസ്., മണ്ണുത്തി കാമ്പസിലെ മരങ്ങൾ / തടികൾ - ലേലം ചെയ്യുന്നത് - സംബന്ധിച്ച്.**

മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസിലെ താഴെ പറയുന്ന മരങ്ങൾ/തടികൾ (വീണ് കിടക്കുന്നത്) വിൽക്കുന്നതിനുള്ള **പരസ്യ ലേലം 10.07.2026 ന് കാലത്ത് 11.00 മണിക്ക്** നടത്തുന്നതാണ്. മരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നമ്പർ | മരം | സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1. | വേങ്ങ നം (2363) | മീറ്റ് പ്ലാന്റിന് സമീപം | ടിമ്പർ |
| 2. | വേങ്ങ നം (2366) | മീറ്റ് പ്ലാന്റിന് സമീപം | ടിമ്പർ |
| 3. | വേങ്ങ നം (2370) | മീറ്റ് പ്ലാന്റിന് സമീപം | ടിമ്പർ |
| 4. | വേങ്ങ നം (2373) | മീറ്റ് പ്ലാന്റിന് സമീപം | ടിമ്പർ |
| 5 | തേക്കിന്റെ മുകൾഭാഗം (2374) | മീറ്റ് പ്ലാന്റിന് സമീപം | ടിമ്പർ |
| 6 | പ്ലാവ്(937) | നീലാഞ്ജനം ഗസ്റ്റ് ഹൗസിന് സമീപം | ടിമ്പർ |
| 7 | പൂള(2375) | മീറ്റ് പ്ലാന്റിന് സമീപം | വിറക് |

**നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ10.07.2026 ന് 10:30 ന് മുൻപായി ഓഫീസൽ എത്തേണ്ടതാണ്.ലേല നോട്ടീസിൽ പരാമർശിച്ചിട്ടുള്ള മരത്തടികൾ ലേലത്തിന് മുൻപായി കരാറുകാരന് നേരിട്ട് കണ്ട് പരിശോധിക്കാവുന്നതാണ്.

2. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 2000/- രൂപ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ലേലം ലഭിക്കുന്ന വ്യക്തി 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്.
3. ലേലം ലഭിക്കുന്ന വ്യക്തി അന്നു തന്നെ ലേല തുകയുടെ 50% തുക ഓഫീസിൽ അടയ്ക്കേതാണ്. ബാക്കി തുക, മൊത്തം തുകയുടെ നിയമപ്രകാരമുള്ള നികുതി ഉൾപ്പെടെ അടയ്ക്കാൻ 3 ദിവസം സമയം അനുവദിക്കുന്നതാണ്.
4. ലേലം ലഭിക്കുന്ന വ്യക്തി തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരദ്രവ്യം കണ്ടുകെട്ടുന്നതും അടുത്ത യോഗ്യനായ വ്യക്തിക്ക് കരാർ നൽകുന്നതുമായിരിക്കും.
5. കരാറുകാരൻ, കരാർ തുക കൂടാതെ, നിയമപ്രകാരം നിലവിലുള്ള നികുതികളും (GST & FDT) അടയ്ക്കാൻ ബാധ്യസ്ഥനാണ്. കൂടാതെ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.
6. കരാറുകാരൻ 3 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും അടച്ച്, സർവ്വകലാശാലയുടെ വസ്തുവകകൾക്ക് യാതൊരുവിധ നാശനഷ്ടങ്ങളും വരുത്താതെ, 10 ദിവസത്തിനകം നോട്ടീസിൽ പറഞ്ഞിരിക്കുന്ന തടി/വിറക് കാമ്പസിന് പുറത്ത് കൊണ്ടുപോകേണ്ടതാണ്.
7. മേൽ പ്രകാരം 10 ദിവസത്തിനുള്ളിൽ മരത്തടികൾ കാമ്പസിൽ നിന്നും നീക്കം ചെയ്യാത്ത പക്ഷം കരാറുകാരൻ അടച്ച തുക നഷ്ടപ്പെടുന്നതും അടുത്ത വ്യക്തിക്ക് കരാർ നൽകുന്നതുമാണ്.
8. ഗവ. ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും
9. ലേല ദിവസം ഹർത്താലോ പൊതു അവധിയോ ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്ത് ലേലം നടത്തുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. **ഫോൺ : 0487-2370302**

ഒപ്പ്
**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ് : നോട്ടീസ് ബോർഡുകൾ

// അംഗീകാരത്തോടെ അയയ്ക്കുന്നത് //

അസിസ്റ്റന്റ് രജിസ്ട്രാർ